# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ

## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

---

**(പ്രസിദ്ധീകരണത്തിന്)** **25.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

## പട്ടികവർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക

കേരളത്തിന്റെ പൊതുവായ വികസന മുന്നേറ്റത്തിന്റെ നേട്ടങ്ങൾ വേണ്ടത്ര എത്തിയിട്ടില്ലാത്ത വിഭാഗമാണ് പട്ടികവർഗ്ഗം. വികസന പ്രക്രിയയിൽ അവർ പാർശ്വവത്കരിക്കപ്പെടുകയാണ് ചെയ്തത് എന്ന വാസ്തവം, ഭൂമി, ഉപജീവനം, ആരോഗ്യ–വിദ്യാഭ്യാസ സൂചികകൾ എല്ലാം അടിവരയിടുന്നു.

ഇടതുപക്ഷ സർക്കാരുകൾ ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ശ്രദ്ധേയമായ പല ഇട പെടലുകളും നടത്തിയിട്ടുണ്ട്.

1. ജനസംഖ്യ അനുപാതത്തേക്കാൾ ഉയർന്ന തുക പൂൾ ചെയ്ത് പ്രത്യേകം പട്ടികവർഗ്ഗ വികസന ത്തിനായി വകയിരുത്തുന്ന ഏക സംസ്ഥാനം കേരളമാണ്. (വടക്ക്– കിഴക്ക് സംസ്ഥാനങ്ങൾ ഒഴി കെ)
2. ഇതിന്റെ ഗണ്യമായ ഭാഗം തുക പട്ടികവർഗ്ഗ ഊരുകൂട്ടങ്ങൾക്ക് നേരിട്ട് നിർണ്ണയിക്കാനുതകുന്ന രീതിയിൽ താഴേക്ക് വിന്യസിച്ചിട്ടുണ്ട്.
3. ചോർച്ച പരമാവധി കുറയ്ക്കാനുതകുന്ന രീതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് ഗുണം കിട്ടുന്ന രീതിയിൽ പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ സ്കീമുകൾക്കാണ് ഏറിയ പങ്ക് തുകയും ചെലവഴിക്കുന്നത്.
4. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 1 ഏക്കർ കൃഷി ഭൂമിയെങ്കിലും ഉറപ്പ് വരുത്തുന്നതിന് പ്രതി ജ്ഞാബദ്ധമാണ്. ഇതിനായി വനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് മുൻകൈ എടുക്കുന്നു.

പട്ടികവർഗ്ഗത്തിലെ അധ്യാപക പരിശീലനം നേടിയ 246 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചു. ഗോത്ര ബന്ധു പദ്ധതിയിലൂടെ ഈ മേഖലയിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും അധ്യാപക പരിശീലനം നേടുന്ന മുഴുവൻ പേർക്കും തൊഴിൽ ഉറപ്പുവരുത്തു ന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കുന്നതിനുള്ള നടപടി കളും സ്വീകരിച്ചു. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി വിതരണം ചെയ്യുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ യജ്ഞം, ആർദ്രം, ലൈഫ് തുടങ്ങിയ മിഷനുകളുടെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കാൻ പോകുന്ന ഒരു വിഭാഗം പട്ടികജാ തിക്കാരാണ്.

കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇടതുപക്ഷത്തിന്റെ ശക്തമായ സമ്മർദ്ധത്തെത്തുടർന്ന് രൂപീകരിക്കപ്പെട്ട വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയുടെ കൈവശാവകശാ രേഖയ്ക്ക് പട്ടയം അനുവദിക്കേണ്ടതുണ്ട്. നിലവിൽ സമര കേന്ദ്ര ത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കും കൂടി ഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര വനാവകാശ നിയമ ത്തിന്റെ കട്ടോഫ് ഡെയ്റ്റ് മാറ്റം വരുത്തണമെന്ന ആവശ്യവും പരിഗണിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ലഭിയ്ക്കേണ്ട സംവരണ അവകാശം എല്ലാ മേഖലയിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനാകണം. ആവശ്യമായ മേഖലകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്താനുമാകണം. പൊതുമേഖല സ്വകാര്യവത്കരിക്കുന്ന നയം തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവാണ് പട്ടികജാതി വിഭാഗങ്ങൾക്ക് ഉണ്ടാക്കിയിട്ടുള്ളത്. സ്വകാര്യ മേഖലയിൽ ഉൾപ്പെടെ സംവരണം വ്യാപിപ്പിച്ച് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്താനുമാകണം. സാധ്യമാകുന്ന ഇടങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേ ണ്ടതുണ്ട്.

കാർഷികപരമായ ജീവിതമാണ് ആദിവാസികളുടേത്. കൃഷി, മൃഗപരിപാലനം, തുടങ്ങിയ മേഖലയിൽ ഇടപെട്ടുകൊണ്ട് സ്ഥിരം വരുമാനം ഉറപ്പുവരുത്തുന്ന രീതിയിലുള്ള പദ്ധതികൾ ആവി ഷ്കരിക്കണം. ആദിവാസി ക്ഷേമ പദ്ധതികൾ പലപ്പോഴും അവരുടെ ജീവിത സാഹചര്യവുമായി ഇണക്കി ചേർത്ത് മുന്നോട്ടു കൊണ്ടപോകുന്നതിന് കഴിയുന്നില്ലായെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ആ വിഭാഗങ്ങളുടെ അഭിപ്രായം കൂടി സ്വീകരിച്ചു കൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമായിട്ടുള്ളത്.

ഇപ്പോൾ കാലാകാലങ്ങളിൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ കോടാനുകോടി രൂപയാണ് ആദിവാസികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ നാം ആഗ്രഹിക്കുന്ന തരത്തിൽ ഉള്ള മാറ്റം ഈ സമൂഹത്തിൽ വന്നിട്ടില്ല.അതു കൊണ്ട് രക്ഷാകർതൃ മനോഭാവം ഉള്ള രീതി മാറ്റി അവരുടെ അഭി പ്രായവും പങ്കാളിത്തവും ഉറപ്പ് വരുത്തി പുതിയ ഒരു വികസന മാതൃക ഉണ്ടാക്കുന്നതിന് വിവിധ വിഭാ ഗങ്ങളിൽ ഉള്ള പ്രശ്നങ്ങളും മനസ്സിലാക്കി പ്രത്യേകമായതും മാതൃകപരമായതും അടിമുടി മാറ്റം ഉണ്ടാക്കി എടുക്കുന്നതിന് ദീർഘ വീക്ഷണമുള്ള വികസനത്തിന് രൂപം നൽകണം. പട്ടിക വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളാകെ യോജിച്ചു കൊണ്ടുള്ള ഇടപെടലുണ്ടാക ണമെന്ന് ഈ സമ്മേളനം മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിയ്ക്കുന്നു.